അനധികൃത മരം മുറിക്കൽ തടയുന്നതിന് വീഴ്ച വരുത്തിയ വർക്കെതിരെ നടപടി

50(1007)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽപ്പെട്ട ബ്രഹ്മഗിരി എസ്റ്റേറ്റിലെ നിക്ഷിപ്ത വന ഭൂമിയിൽ നിന്നും വീട്ടി, തേക്ക് മുതലായ മരങ്ങൾ മുറിച്ചുമാറ്റിയതിന് ഉത്തരവാദികളായ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തണമെന്ന ഹൈക്കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ തീയതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിധി നടപ്പാക്കാത്തതിന്റെ പേരിൽ സർക്കാരിനെതിരെ ഹൈക്കോടതി മുമ്പാകെ ആരെങ്കിലും കോടതി അലക്ഷ്യക്കേസ് ഫയൽ ചെയ്തിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസിൽ ഗവണ്മെന്റ് നൽകിയ സത്യവാങ്മൂലം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഹൈക്കോടതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് എൻക്വയറി നടത്തണമെന്ന് ഉത്തരവിട്ടിരുന്നുവോ; എങ്കിൽ ഉത്തരവിന്റെ തീയതി വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കേസിൽ വിജിലൻസ് അന്വേഷണം എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) വിജിലൻസ് അന്വേഷണം നടത്തണമെന്നുള്ള ഹൈക്കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം എ,ബി,സി യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഇ) ഉത്തരവായിട്ടില്ല.

(എഫ്) കോടതിവിധിയിൽ വിജിലൻസ് അന്വേഷണം നടത്തണമെന്ന് പറഞ്ഞിട്ടില്ലെങ്കിലും സർക്കാർ 9.4.99 ൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയുണ്ടായി. അന്വേഷണം പുരോഗമിച്ചു വരുന്നു.

കോടനാട് റെയിഞ്ചിൽ നിന്നും അനധികൃതമായി മരം മുറിച്ച സംഭവം

51 (1008)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ മലയാറ്റൂർ ഡിവിഷനിലെ കോടനാട് റെയിഞ്ചിൽ നിന്നും അനധികൃതമായി 1548 കുമ്പിൾ മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ടു പോയ കേസിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly